"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM)- ന്റെ റിവർ മാനേജ്മെന്റ് സെന്ററിലെ GIS സ്പെഷ്യലിസ്റ്റ് ഡോ. ഷാജി-യുടെ കരാർ അടിസ്ഥാനത്തിലുള്ള സേവന കാലാവധി 02.02.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.770/2025/RD തീയതി,തിരുവനന്തപുരം, 29-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 3116/2012/റവ തീയതി 01.06.2012.
2. സ.ഉ.(സാധാ) നം. 338/2019/റവ തീയതി 31.01.2019.
3. സ.ഉ.(സാധാ) നം. 633/2023/റവ തീയതി 08.02.2023.
4. സ.ഉ.(സാധാ) നം. 674/2024/റവ തീയതി 22.02.2024.
5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ഡയറക്ടറുടെ 11.02.2025 തീയതിയിലെ ILDM/3106/2022-A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM)- ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന റിവർ മാനേജ്മെന്റ് സെന്ററിൽ, പരാമർശം (1) ഉത്തരവ് പ്രകാരം 01.06.2012 മുതൽ, GIS സ്പെഷ്യലിസ്റ്റ് (ജ്യോഗ്രഫി) തസ്തികയിൽ, കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തു വരുന്ന, ഡോ.ഷാജി. ജെ-യുടെ സേവന കാലാവധി, പരാമർശം (4) ഉത്തരവ് പ്രകാരം 02.02.2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. ഐ. എൽ. ഡി. എം. -നെ സെന്റർ ഓഫ് എക്സ്സലൻസാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്ന സാഹചര്യത്തിലും റിവർ മാനേജ്മെന്റ് സെന്ററിന്റെ തുടർ പ്രവർത്തനങ്ങൾക്കും ഡോ.ഷാജി.ജെ-യുടെ സേവനം ആവശ്യമായ സാഹചര്യത്തിലും, ഒരു വർഷത്തേയ്ക്ക് ടിയാന്റെ സേവന കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഐ.എൽ.ഡി.എം. ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ

മാനേജ്മെന്റ് (ILDM)- ന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന റിവർ മാനേജ്മെന്റ് സെന്ററിലെ GIS സ്പെഷ്യലിസ്റ്റ് (ജ്യോഗ്രഫി) തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ഡോ.ഷാജി ജെ-യുടെ സേവന കാലാവധി, കരാർ നിയമനങ്ങൾക്ക് ബാധകമായ മാനദണ്ഡങ്ങൾക്ക് അനുസൃതമായും റിവർ മാനേജ്മെന്റ് ഫണ്ടിന്റെ സംസ്ഥാന ഉന്നതതല സമിതി യോഗത്തിന്റെ സാധൂകരണത്തിനു വിധേയമായും 02.02.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.എൽ.ഡി.എം, പി.റ്റി.പി നഗർ, തിരുവനന്തപുരം.
ഡോ.ഷാജി.ജെ, GIS സ്പെഷ്യലിസ്റ്റ് (ജ്യോഗ്രഫി) (കരാർ നിയമനം, റിവർ മാനേജ്മെന്റ് സെന്റർ, ഐ.എൽ.ഡി.എം) .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, വെബ് & ന്യൂ മീഡിയ വിഭാഗ
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Pradeesh Kumar M K**
**Date: 29-03-2025 16:33:13**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്സ്.-നു
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
അഡിഷണൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്